"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - തിരുവനന്തപുരം ജില്ല - ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് - കിഴവിലം ഗ്രാമപഞ്ചായത്ത് - ശങ്കരനാരായണപുരം ബ്രഹ്മപുരി റോഡ് പുനരുദ്ധാരണ പ്രവൃത്തി - കരാറിലേർപ്പെടുന്നതിനും പൂർത്തീകരണത്തിനുമുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.169/2026/DMD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി. തീയതി, 21.09.2023

2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 19.02.2026 തീയതിയിലെ DCTVM/14302/2023-H2 നമ്പർ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കിഴവിലം ഗ്രാമപഞ്ചായത്തിലെ ശങ്കരനാരായണപുരം ബ്രഹ്മഗിരി റോഡ് പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവായിരുന്നു. എന്നാൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 2024 പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ റീ ഇ-ടെണ്ടർ ക്ഷണിക്കുന്നതിന് കഴിഞ്ഞിരുന്നില്ല എന്നും പെരുമാറ്റച്ചട്ടം കഴിഞ്ഞ മുറയ്ക്ക് റീ ഇ-ടെണ്ടർ ക്ഷണിച്ച് കരാറിലേർപ്പെട്ടപ്പോഴേക്കും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. മേൽ സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിനും പ്രവൃത്തി പൂർത്തീകരണത്തിലുമുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കിഴവിലം ഗ്രാമപഞ്ചായത്തിലെ ശങ്കരനാരായണപുരം ബ്രഹ്മഗിരി റോഡ് പ്രവൃത്തിക്ക് കാലാവധി കഴിഞ്ഞ് കരാറിലേർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും SDRF മാനദണ്ഡപ്രകാരം

അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ജില്ലാകളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തിരുവനന്തപുരം
കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/53/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 16-03-2026 10:18:03

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്